# ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം തിരുവനന്തപുരം

വിഷയം:-ആ.വ.ഡ- ജീവനക്കാര്യം:- ഡോ.ജോമി ജോണി, ജൂനിയർ കൺസൾട്ടന്റ്, അനസ്തേഷ്യ- പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- **1.**സർക്കാർ കത്ത് നം.**A2/642/2018-HEALTH** തീയതി **08.08.2024, 16/07/2025.**

**2.** കാരണം കാണിക്കൽ നോട്ടീസ് നം.ഇ.ബി **2-20099/2024/**ആ.വ.ഡ തീയതി:**29/10/2024.**

**3.** ഡോ.ജോമി ജോണി സമർപ്പിച്ച **5/11/2024**-ലെ വിശദീകരണം.

**ഉത്തരവ് നം: ഇ.ബി 2-20099/2024/ആ.വ.ഡ തീയതി: 06-08-2025**

അനസ്തേഷ്യ വിഭാഗം ജൂനിയർ കൺസൾട്ടന്റ് ആയ ഡോ.ജോമി ജോണി ചാലക്കുടി താലൂക്കാശുപത്രിയിൽ ജോലി നോക്കവേ മദർ ആന്റ് ചൈൽഡ് കൊടകര എന്ന സ്വകാര്യ ആശുപത്രിയിൽ പ്രാക്ടീസ് ചെയ്യുകയും അതുൽ സുമേഷ് എന്ന രണ്ടര വയസ്സുള്ള കുട്ടിക്ക് ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് അനസ്തേഷ്യ നൽകുകയും കുട്ടി മരണപ്പെടുകയും ഉണ്ടായി. ടി വിഷയത്തിൽ ഡോ.ജോമി ജോണിയെ സർവീസിൽ നിന്നും **G.O(Rt)No.618/2011/H&FWD dtd:18/02/2011** പ്രകാരം സർക്കാർ സസ്പെന്റ് ചെയ്യുകയുണ്ടായി. തുടർന്ന് സർക്കാർ ടിയാനെതിരെ **No.2027/A2/2011/H&FWD dtd:01/10/2012** പ്രകാരം കുറ്റാരോപണ മെമ്മോ നൽകി. പിന്നീട് **G.O (Rt) No.3410/2013/H&FWD dated 07.10.2013** പ്രകാരം സർവീസിൽ തിരികെ പ്രവേശിക്കുവാൻ അനുമതി നൽകി. തുടർന്ന്

No.2027/A2//2011/H&FWD dated 26.04.2014 പ്രകാരം ടിയാന് കടുത്ത ശിക്ഷയ്ക്കുള്ള പുതുക്കിയ കുറ്റാരോപണ മെമ്മോ സർക്കാരിൽ നിന്നും നൽകുക ഉണ്ടായി.

2)എന്നാൽ, ഡോ.ജോമി ജോണി സർവ്വീസിൽ തിരികെ പ്രവേശിക്കുകയോ, അതിനായി റിപ്പോർട്ട് ചെയ്യുകയോ, കുറ്റാരോപണ മെമ്മോക്ക് മറുപടി നൽകുകയോ ഉണ്ടായില്ല. ടിയാനെതിരെ സമാന വിഷയത്തിൽ ക്രിമിനൽ കുറ്റം നിലനിൽക്കുന്നുണ്ട് എന്നും, അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്നത് മറ്റൊരു കുറ്റം ആണെന്നും സർക്കാർ അറിയിച്ചിരിക്കുന്നു.

3)ആയതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ പ്രൊബേഷൻ അവസാനിപ്പിക്കുന്നതിന് താല്ക്കാലികമായി തീരുമാനിച്ച് പരാമർശം (2) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നല്കിയിരുന്നു. ടി തീരുമാനത്തിന് എതിരായി ടിയാന് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെകിൽ ആയത് നോട്ടീസ് ലഭിച്ചു 15 ദിവസത്തിനകം സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നു. തന്നെ ക്രിമിനൽ കേസിൽ ചാലക്കുടി ഒന്നാം ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രട്ട് കോടതി കുറ്റ വിമുക്തനാക്കി എന്നും, തിരികെ പ്രവേശിക്കുവാനുള്ള ഉത്തരവ് തനിക്കു ലഭിച്ച്ച്ചിട്ടില്ലെന്നും പരാമർശം 3 മറുപടിയിൽ ടിയാൻ ബോധിപ്പിച്ച്ച്ചിരിക്കുന്നു.

4. മേൽ മറുപടി വിശദമായി പരിശോധിച്ചു. തിരികെ പ്രവേശിക്കുവാനുള്ള ഉത്തരവ് തനിക്കു ലഭിച്ച്ച്ചിട്ടില്ലെന്നു വാദം അംഗീകരിക്കുവാൻ കഴിയില്ല. കാരണം നാളിതുവരെ ടിയാൻ പോസ്റ്റിങ്ങ്-ന് വേണ്ടി റിപ്പോർട്ട് ചെയ്യുകയോ, പോസ്റ്റിങ്ങ് സംബന്ധമായ വിഷയം അന്വേഷിക്കുകയോ, കുറ്റാരോപണ മെമ്മോക്ക് മറുപടി നൽകുകയോ ചെയ്തിട്ടില്ല. ആയതിനാൽ നോട്ടീസിന് ടിയാൻ നൽകിയ മറുപടി തൃപ്തികരമല്ല.

5). മേൽ സാഹചര്യത്തിൽ 1958 ലെ കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ് റൂൾസ് ലെ Part II റൂൾ 19 (a) (ii) പ്രകാരം

പ്രൊബേഷണറായ ഡോ.ജോമി ജോണിയുടെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

6)മെഡിക്കൽ ആഫീസറും സ്ഥാപന മേധാവിയും ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് മേൽ നടപടിക്കായി ഉപയോഗിക്കേണ്ടതാണ്.

Signed by
Reena K J
Date: 06-08-2025 07:55:18
**ആരോഗ്യ വകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്:-

**Dr.Jomy Johny**

**Chungath(H), Hospital Road Pudukad,**

**680301,Thrissur**

പകർപ്പ്:-

1. അക്കൗണ്ടൻറ് ജനറൽ (എ&ഇ), തിരുവനന്തപുരം
2. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), തൃശൂർ
3. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്
4. ഫയൽ/ കരുതൽ ഫയൽ.